# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4105 12.12.2018-ൽ മറുപടിക്ക്

## ചരിത്ര രേഖകളുടെയും സ്മാരകങ്ങളുടെയും സംരക്ഷണം

**ചോദ്യം**

ശ്രീ.കെ.കുഞ്ഞിരാമൻ

ശ്രീ.കെ.ജെ. മാക്സി

ശ്രീ. പി.വി. അൻവർ

ശ്രീ. വി. ജോയി

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ബഹു.തുറമുഖവും മ്യൂസിയവും

പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ചരിത്ര രേഖകളുടെയും സ്മാരകങ്ങളുടെയും സംരക്ഷണത്തിനും പുനരുദ്ധാരണത്തിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സർക്കാരിന്റെ വിവിധ വകുപ്പുകളിലെ 25 വർഷത്തിലധികം പഴക്കമുള്ള ശാശ്വത മൂല്യമുള്ള രേഖകൾ സൂക്ഷ്മ പരിശോധന നടത്തി വകുപ്പിലേയ്ക്ക് ഏറ്റെടുത്ത് അവയ്ക്കാവശ്യമായ സംരക്ഷണം നല്കി ആർക്കൈവ്സ് വകുപ്പ് സൂക്ഷിച്ചു വരുന്നു. വകുപ്പ് ഏറ്റെടുക്കുന്ന രേഖകളെ ആർക്കൈവൽ മാനദണ്ഡമനുസരിച്ചുള്ള ലിസ്റ്റിംഗ്, ഇൻഡക്സിംഗ് നടത്തി അവയ്ക്കാവശ്യമായ ശാസ്ത്രീയ സംരക്ഷണവും നല്കി സൂക്ഷിക്കുന്നു. ഇത്തരത്തിൽ വകുപ്പിന്റെ പക്കലെത്തുന്ന രേഖകൾക്ക് കാലക്രമേണ സംഭവിക്കാവുന്ന നാശം മുൻകൂട്ടി കണ്ട് അത്തരത്തിലുള്ള രേഖകൾക്ക് ആവശ്യമായ ശാസ്ത്രീയ സംരക്ഷണം കൂടാതെ ഫ്യൂമിഗേഷൻ, ലാമിനേഷൻ, ഡീ-അസിഡിഫിക്കേഷൻ, മെൻറിംഗ് ,ഫ്ളൾപേസ്റ്റിംഗ്, ഗാർഡിംഗ്, ബൈൻറിംഗ് തുടങ്ങിയ വിവിധയിനം സംരക്ഷണവും നല്കി വരുന്നു. ഇത്തരത്തിൽ ശാസ്ത്രീയ സംരക്ഷണം നല്കുന്ന രേഖകളെ സ്കാൻ ചെയ്ത് ഡിജിറ്റൽ ഇമേജുകളാക്കി സൂക്ഷിച്ച് ആവശ്യക്കാർക്ക് സൗകര്യമായ വിധത്തിൽ പ്രാപ്യമാക്കുന്നതിനുള്ള പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. നൂറ്റാണ്ടുകൾ പഴക്കമുള്ള താളിയോലരേഖകൾ, പേപ്പർ റിക്കാർഡുകൾ എന്നിവ ഇത്തരത്തിൽ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്ന പദ്ധതി വകുപ്പ് കഴിഞ്ഞ 10 വർഷത്തിലേറെയായി നടപ്പിലാക്കുന്നുണ്ട്.<br><br>സ്വകാര്യവ്യക്തികളുടെയും സ്ഥാപനങ്ങളുടെയും സംഘടനകളുടെയും പക്കലുള്ള അമൂല്യ ചരിത്ര രേഖകൾ കമ്മ്യൂണിറ്റി ആർക്കൈവ്സ് പദ്ധതിയുടെ ഭാഗമായി സംരക്ഷിച്ച് വരുന്ന പദ്ധതിയും വകുപ്പ് നടത്തി വരുന്നു. |

| | | | |
|---|---|---|---|
| | | | സംരക്ഷിത സ്മാരകങ്ങളുടെ രാസസംരക്ഷണ പ്രവർത്തനങ്ങൾ, ആവശ്യമായ അവസരങ്ങളിൽ വകുപ്പിന്റെ രാസസംരക്ഷണ വിഭാഗം ചെയ്തു പോരുന്നു. സ്മാരകങ്ങളുടെ സംരക്ഷണത്തിനും പുനരുദ്ധാരണ പ്രവർത്തനങ്ങൾ വകുപ്പിന്റെ ഘടനാ സംരക്ഷണ വിഭാഗത്തിന്റെ ചുമതലയിൽ നിർവ്വഹിക്കുന്നു. ഇത്തരത്തിലുള്ള സംരക്ഷണ പ്രവർത്തനങ്ങൾ വകുപ്പിന്റെ തുടർച്ചയായുള്ള സാധാരണ .പ്രവർത്തനമാണ്. സംരക്ഷണ പ്രവർത്ത..നങ്ങളുടെ ആവശ്യകതയും ഫണ്ടിന്റെ ലഭ്യതയും പരിഗണിച്ച് ഓരോ സ്മാരകത്തിന്റെയും സംരക്ഷണ പ്രവർത്തനങ്ങൾ പുരാവസ്തു വകുപ്പ് നടത്തി വരുന്നു. |
| (ബി) | നാടിന്റെ സമ്പന്നമായ പൈതൃകം കൂടുതൽ പേരിലേയ്ക്ക് എത്തിക്കുന്നതിനും പുരാവസ്തു സംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | നാടിന്റെ സമ്പന്നമായ പൈതൃകം ജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി വകുപ്പ് പൈതൃകോത്സവങ്ങളും, കൂടാതെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റ് സാംസ്കാരിക മേളകളിലും എക്സിബിഷൻ, സെമിനാർ മുതലായവ വകുപ്പ് സംഘടിപ്പിക്കാറുണ്ട്. |
| (സി) | ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ അമൂല്യമായ പുരാവസ്തുക്കളുടെയും പൈതൃക സ്മാരകങ്ങളുടെയും വിവരങ്ങൾ നൽകുന്നതിനായി ജില്ലാ തലത്തിൽ ഇൻഫർമേഷൻ സെന്ററുകൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; | (സി) | പുരാവസ്തു വകുപ്പിന് പൊതുജന സമ്പർക്കത്തിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ആർക്കിയോളജി കം അമിനിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (ഡി) | പുരാവസ്തു പ്രാധാന്യം വിളിച്ചോതുന്ന പ്രദർശന യൂണിറ്റുകൾ ആരംഭിക്കാൻ പുരാവസ്തു വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ? | (ഡി) | പുരാവസ്തു പ്രാധാന്യം വിളിച്ചോതുന്ന പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിലേയ്ക്കായി വകുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി അഞ്ച് മൊബൈൽ എക്സിബിഷൻ യൂണിറ്റുകൾ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**